# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 663 — 01/11/2011-ൽ മറുപടിയ്ക്ക്

## 'പേവിഷ വിമുക്ത കേരളം' പദ്ധതി

ചോദ്യം — മറുപടി

ശ്രീ. വി. ശിവൻകുട്ടി:
ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ആർ. സെൽവരാജ്:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ 'പേവിഷ വിമുക്ത കേരളം' പദ്ധതിയെക്കുറിച്ച് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. 2009 മാർച്ച് 1 മുതൽ കേരളത്തെ പേവിഷ വിമുക്തമാക്കുന്നതിനുവേണ്ടി ഇൻട്രാ ഡെർമൽ റാബീസ് വാക്സിൻ പദ്ധതി നടപ്പിലാക്കി തുടങ്ങി. ഈ പദ്ധതി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സാമൂഹി കാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ 200 ഓളം കേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾവരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യമായാണ് ഈ വാക്സിൻ നൽകി വരുന്നത്. |
| (ബി) | പേവിഷ ബാധയേറ്റ് ഓരോ വർഷവും മരണമടയുന്നവരുടെ എണ്ണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഇല്ല. പേവിഷബാധയുടെ ലക്ഷണങ്ങളോടുകൂടി ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെയും മരണമടയുന്നവരുടെയും കണക്കു |

| | | | |
|---|---|---|---|
| | | | കൾ സൂക്ഷിക്കുന്നുണ്ട്. 2006 മുതൽ സംസ്ഥാനത്ത് പേവിഷ ബാധയേറ്റ് മരണമടഞ്ഞവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br>2006 - 23<br>2007 - 13<br>2008 - 16<br>2009 - 6<br>2010 - 9<br>2011 - 1 (സെപ്റ്റംബർ വരെ) |
| (സി) | പേവിഷബാധയ്ക്ക് കുത്തിവയ്ക്കുന്ന മരുന്നിന് സാധാരണക്കാരന് പ്രാപ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പേവിഷബാധയ്ക്കെതിരെ നൽകുന്ന പ്രതിരോധ കുത്തിവയ്പായ ഇൻട്രാ ഡെർമൽ റാബീസ് വാക്സിൻ എ.പി.എൽ. ബി.പി.എൽ ഭേദമെന്യേ എല്ലാ ജനങ്ങൾക്കും സൗജന്യമായി നൽകി വരുന്നു. എന്നാൽ ഉയർന്ന വിലയുള്ള മറ്റൊരു മരുന്നായ ഇമ്മ്യൂണോ ഗ്ലോബുലിൻ എന്ന സീറം ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് മാത്രം സൗജന്യമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ